**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1631** **20-06-2024 - ൽ മറുപടിയ്ക്ക്**

**ഭൗമസൂചിക പദവി ലഭിച്ച സംസ്ഥാനത്തെ കാർഷികോല്പന്നങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ശാന്തകുമാരി കെ. | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | ഭൗമസൂചിക പദവി ലഭിച്ച സംസ്ഥാനത്തെ കാർഷികോല്പന്നങ്ങൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ; പ്രസ്തുത ഉല്പന്നങ്ങളുടെ വിപണി വിപുലീകരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ? | (എ) | കേരളത്തിലെ കാർഷിക ഇനങ്ങളിൽ ഭൗമ സൂചിക പദവി ലഭിച്ച ഉൽപന്നങ്ങൾ ചുവടെ ചേർക്കുന്നു .<br>1.കൊടുങ്ങല്ലൂർ പൊട്ടുവെള്ളരി<br>2.കൈപ്പാട് അരി<br>3. പൊക്കാളി അരി<br>4. തിരൂർ വെറ്റില<br>5. അട്ടപ്പാടി ആട്ടുകൊമ്പ് അവര (അട്ടപ്പാടി ഡോളിച്ചോസ് ബീൻ)<br>6. വാഴക്കുളം പൈനാപ്പിൾ<br>7. ചെങ്ങാലിക്കോടൻ നേന്ത്രൻ<br>8.എടയൂർ മുളക്<br>9. വയനാട് റോബസ്റ്റ കാപ്പി<br>10. ആലപ്പുഴ ഏലക്ക<br>11 . വയനാട് ഗന്ധകശാല അരി<br>12 അട്ടപ്പാടി തുവര (അട്ടപ്പാടി റെഡ് ഗ്രാം )<br>13. കുറ്റിയാട്ടൂർ മാങ്ങ<br>14.മറയൂർ ശർക്കര<br>15. മലബാർ റോബസ്റ്റ കാപ്പി<br>16. നിലമ്പൂർ തേക്ക്<br>17. മധ്യതിരുവിതാംകൂർ ശർക്കര<br>18.ഞവര അരി |

19. പാലക്കാടൻ മട്ട അരി

20.മലബാർ അറബിക്ക കാപ്പി

21.ഓണാട്ടുകര എള്ള്

22.കാന്തല്ലൂർ-വട്ടവട വെളുത്തുള്ളി

23. വയനാട് ജീരകശാല അരി

24.മലബാർ കുരുമുളക്

പ്രസ്തുത ഉല്പന്നങ്ങളുടെ വിപണി വിപുലീകരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ ചുവടെ ചേർക്കുന്നു .

കൃഷി വകുപ്പ് രൂപീകരിച്ചിട്ടുള്ള വിവിധ ജില്ലകളിലെ ഇക്കോഷോപ്പുകൾ,ഫാർമർ പ്രൊഡ്യൂസർ കമ്പനികൾ (FPO) റീറ്റെയ്ൽ ഔട്ട് ലറ്റ്സ്, അതത് പ്രദേശങ്ങളിലെ കർഷക കൂട്ടായ്മകൾ, ആഴ്ച്ച ചന്തകൾ എന്നിവ മുഖേന ഈ ഉത്പന്നങ്ങളുടെ വിപണി പ്രോത്സാഹിപ്പിക്കുന്നുണ്ട്. കൂടാതെ ഇതിൽ പല ഉൽപന്നങ്ങളും 'കേരളഗ്രോ' ബ്രാൻഡിൽ ഉൾപ്പെടുത്തി വിപണനം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഇതിനു ഉദാഹരണങ്ങളായി ചൂണ്ടിക്കാട്ടാവുന്ന ചില മാതൃകകൾ ചുവടെ ചേർക്കുന്നു.

1. കൈപ്പാട് അരി

കണ്ണൂർ ജില്ലയിലെ എഴോം പഞ്ചായത്തിലെ കൈപ്പാട് നിലങ്ങളിൽ ഉല്പാദിപ്പിക്കുന്ന കൈപ്പാട് അരിയുടെ വികസനത്തിനായി കൈപ്പാട് ഏരിയ ഡെവലപ്മെന്റ് സൊസൈറ്റി (കാഡ്സ്) രൂപീകരിച്ചു. കൃഷി വകുപ്പിന്റെയും കേരള കാർഷിക സർവ്വകലാശാലയുടെയും എസ്.എഫ്.എ.സി-യുടെയും മേൽനോട്ടത്തിൽ അരി ബ്രാൻഡ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു .

2. അട്ടപ്പാടി ആട്ടുകൊമ്പ് അവര

കൃഷി വകുപ്പിന്റെ കീഴിൽ ATFAM ഫാർമർ പ്രൊഡ്യൂസർ കമ്പനി ഇതിന്റെ വിപണനത്തിൽ ഏർപ്പെടുന്നു .

3.വയനാട് ഗന്ധകശാല അരി

കേരളത്തിന്റെ തനതായ നെല്ലിനങ്ങളിൽ സുഗന്ധത്തിനും ഔഷധഗുണത്തിനും പേരു കേട്ട ഗന്ധകശാല അരിയുടെ ഭൗമ സൂചിക പദവി ലഭിക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് കേരള കാർഷിക സർവ്വകലാശാലയും വയനാട് ജില്ലാ

സുഗന്ധ നെല്ലുത്പാദക കർഷക സമിതിയും സംയുക്തമായാണ് നേതൃത്വം നൽകിയത്.

4. കുറ്റ്യാട്ടൂർ മാമ്പഴം

2016-ൽ കമ്പനി ആക്ട് പ്രകാരം കുറ്റ്യാട്ടൂരടക്കം കണ്ണൂർ ജില്ലയിലെ 21 പഞ്ചായത്തുകളെ ഉൾപ്പെടുത്തി മാംഗോ പ്രൊഡ്യൂസേഴ്സ് കമ്പനി രൂപീ കരിക്കുകയുണ്ടായി. നബാർഡിന്റെയും കൃഷി വകുപ്പിന്റെയും കേരള കാർഷിക സർവ്വകലാശാലയുടെയും കണ്ണൂർ കൃഷി വിജ്ഞാന കേന്ദ്രത്തിന്റെയും സഹായത്തോടെയാണ കമ്പനിയുടെ പ്രവർത്തനം. കമ്പനിയുടെ നേതൃത്വത്തിൽ സ്ക്വാഷ്,ജാം,അച്ചാർ,മസാല മാങ്ങ, ഉപ്പുമാങ്ങ, മാങ്ങ കച്ച് എന്നിവ നിർമ്മിച്ച് വിപണിയിലെത്തിക്കുന്നുണ്ട്.

5.മറയൂർ ശർക്കര.

മറയൂരിലെ അഞ്ചുനാട് കരിമ്പ് ഉൽപാദക വിപണന സംഘം, മഹാഡ്,മാപ്കോ തുടങ്ങിയ കർഷക കൂട്ടായ്മകൾ മറയൂർ ശർക്കരയുടെ വിപണനത്തിനായി പ്രവർത്തിച്ചു വരുന്നു .

6. തിരൂർ വെറ്റില

തിരൂർ വെറ്റിലക്ക് വിപണി കണ്ടെത്തുന്നതിനു 2013-ൽ സൊസൈറ്റി ആക്ട് പ്രകാരം കർഷകർ സംഘടിച്ച തിരൂർ വെറ്റില ഉത്പാദക സംഘം രൂപീകരിച്ചു. SFAC Kerala (Small Farmers Agro Business Consortium) യുടെ കീഴിൽ തിരൂർ ബീറ്റൽ ഇല ഉത്പാദക കമ്പനി ലിമിറ്റഡ് എന്ന പേരിൽ ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനി രജിസ്റ്റർ ചെയ്തു.

7.കൊടുങ്ങല്ലൂർ പൊട്ടുവെള്ളരി

കൊടുങ്ങല്ലൂർ പൊട്ടുവെള്ളരി കർഷക ക്ഷേമ വികസന സമിതി പൊട്ടുവെള്ളരിയുടെ വിപണനത്തിനായി പ്രവർത്തിച്ചു വരുന്നു.

8.എടയൂർ മുളക്

കൃഷി വകുപ്പിന്റെ എടയൂർ കൃഷിഭവന്റെ നേതൃത്വത്തിൽ കർഷകർ എടയൂർ ചില്ലി ഗ്രോവേഴ്സ് അസോസിയേഷൻ എന്ന കൂട്ടായ്മ രൂപീകരിച്ചു. SFAC Kerala (Small Farmers Agro Business Consortium)യുടെ കീഴിൽ സുലഭ വെജിറ്റബിൾസ് ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനിയുടെ കീഴിലാണ് ഇപ്പോൾ കർഷക കൂട്ടായ്മ പ്രവർത്തിച്ചു വരുന്നത്.

9. ഞവര അരി

കേരളത്തിൽ പരമ്പരാഗതമായ രീതിയിൽ കൃഷി ചെയ്യുന്ന ഗുണങ്ങളാൽ സമ്പന്നമായ ഞവര അരിയുടെ വിപണനത്തിനായി കർഷക കൂട്ടായ്മയായ റൈസ് ഫാർമേഴ്സ് സൊസൈറ്റി പ്രവർത്തിച്ചു വരുന്നു.

10. വയനാട് ജീരകശാല അരി

കേരള കാർഷിക സർവ്വകലാശാല ,വയനാട് ജില്ലാ സുഗന്ധ നെല്ലുത്പാദക കർഷക സമിതി എന്നിവ സംയുക്തമായി പ്രവർത്തിച്ചു വരുന്നു .

11. വാഴക്കുളം പൈനാപ്പിൾ

കർഷകരുടെ കൂട്ടായ്മയായ നടുക്കരാ അഗ്രോ പ്രോസസ്സിങ് കമ്പനി വാഴക്കുളം അഗ്രോ ആൻഡ് ഫുഡ് പ്രോസസ്സിംഗ് കമ്പനിയുമായി ചേർന്ന് ജൈവ് എന്ന പേരിൽ ഉത്പന്നങ്ങൾ ഇറക്കുകയുണ്ടായി .

12. ചെങ്ങാലിക്കോടൻ നേന്ത്രൻ

ചെങ്ങാലിക്കോടൻ ഗ്രോവെർസ് അസോസിയേഷൻ വിപണനത്തിനായി പ്രവർത്തിച്ചു വരുന്നു.

13. ഓണാട്ടുകര എള്ള്

കൃഷിവകുപ്പിന്റെ നേതൃത്വത്തിൽ ഓണാട്ടുകര വികസന ഏജൻസി എന്ന എഫ്.പി.ഒ ഇതിന്റെ വിപണനത്തിനായി പ്രവർത്തിച്ചുവരുന്നു. 2023-24 വർഷത്തിൽ വിള വൈവിധ്യവത്ക്കരണം പദ്ധതിയിൽ ഉൾപ്പെടുത്തി ഈ എള്ള് കൃഷിയും വിപണനവും വ്യാപിപ്പിക്കുന്നതിനു കൃഷിവകുപ്പ് നടപടികൾ സ്വീകരിക്കുകയുണ്ടായി.

സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ-കേരള, മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്പ്മെന്റ് ഓഫ് ഹോർട്ടിക്കൾച്ചർ (MIDH) പദ്ധതിയിൽ ഉൾപ്പെടുത്തി ഭൗമ സൂചിക പദവി ലഭിച്ച കാന്തല്ലൂർ വെളുത്തുള്ളി, തിരൂർ വെറ്റില എന്നിവയുടെ ഉല്പാദനത്തിനായി കർഷകർക്ക് ധനസഹായം നൽകി വരുന്നു.

വി.എഫ്.പി.സി.കെ-യുടെ തൃശ്ശൂർ ജില്ലയിലെ മുണ്ടത്തിക്കോട്, പാണഞ്ചേരി, എളനാട് എന്നീ സ്വാശ്രയ കർഷക സമിതികൾ മുഖേന ചെങ്ങാലിക്കോടൻ നേന്ത്രൻ വിപണനം നടത്തി വരുന്നു. എറണാകുളം ജില്ലയിൽ കുവപ്പടി, തിരുവാണിയൂർ, മഴവന്നൂർ, കീരംപാറ, നെടുങ്ങപ്ര, എടയ്ക്കാട്ടുവയൽ എന്നീ സ്വാശ്രയ കർഷക സമിതികളിൽ വാഴക്കുളം പൈനാപ്പിൾ വിപണനം ചെയ്തു വരുന്നു. വാഴക്കുളം പൈനാപ്പിളിന്റെ കയറ്റുമതി

| | | | |
|---|---|---|---|
| | | | പ്രോത്സാഹിപ്പിക്കുന്നതിനായി കേരള കാർഷിക സർവ്വകലാശാലയുമായി ചേർന്ന് സ്റ്റാറ്റിക് ട്രയൽ പൂർത്തീകരിക്കുകയും കയറ്റുമതിയ്ക്കുള്ള പ്രോട്ടോകോൾ വികസിപ്പിച്ച് കയറ്റുമതി നടത്തുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ, വി.എഫ്.പി.സി.കെ-യുടെ എക്സിബിഷനുകൾ, ബൈയർ സെല്ലർ മീറ്റുകൾ എന്നിവയിലും പങ്കാളിത്തം ഉറപ്പുവരുത്തി മേൽ ഉൽപ്പന്നങ്ങളുടെ വിപണന സാധ്യതകൾ വിപുലീ കരിക്കുന്ന കാര്യം പരിശോധിച്ചു വരുന്നു.<br><br>ഭൗമസൂചിക പദവി ലഭിച്ച സംസ്ഥാനത്തെ കാർഷികോല്പന്നങ്ങൾക്കായി രജിസ്റ്റർ ചെയ്ത സൊസൈറ്റികൾക്ക് എക്സിബിഷനുകളിൽ പങ്കെടുക്കുന്നതിനും APEDA-യുമായി ബന്ധം സ്ഥാപിക്കുന്നതിനും കേരള കാർഷിക സർവ്വകലാശാല ഇന്റലക്ച്ചൽ പ്രോപ്പർട്ടി റൈറ്റ്സ് (ഐ.പി.ആർ) സെൽ മുഖേന സൗകര്യമൊരുക്കി വരുന്നു. കേരള കാർഷിക സർവ്വകലാശാല പങ്കെടുക്കുന്ന പ്രദർശനങ്ങളിൽ ഭൗമസൂചിക പദവി ലഭിച്ച ഉൽപ്പന്നങ്ങളെ പരിചയപ്പെടുത്താൻ വേദി ഒരുക്കാറുണ്ട്. പ്രസ്തുത സൊസൈറ്റികൾക്ക് Authorised User Registration ലഭ്യമാക്കുന്നതിനും കേരള കാർഷിക സർവ്വകലാശാല നേതൃത്വം നൽകിയിരുന്നു. |

സെക്ഷൻ ഓഫീസർ